(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(ബി-ഡി) ഭരണാനുമതി നൽകിയിട്ടില്ല. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

പാറശ്ശാല ഫയർ സ്റ്റേഷൻ നിർമ്മാണം

124 (124) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന പാറശ്ശാല ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഭരണാനുമതി ലഭിച്ചില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളും നടപടികളും എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) പാറശ്ശാല ഫയർ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

മട്ടന്നൂർ ഫയർ സ്റ്റേഷൻ നിർമ്മാണം

125 (125) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേറ്റ് റിവിഷൻ വന്നതിന്റെ ഫലമായി മട്ടന്നൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ടി.എസ്. ലഭിക്കാത്ത സാഹചര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്താരാഷ്ട്ര വിമാനത്താവള നഗരം കൂടിയായ മട്ടന്നൂരിൽ ഫയർ സ്റ്റേഷൻ അടിയന്തരമായി നിർമ്മിക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ?

(എ&ബി) പ്രവൃത്തികളുടെ റേറ്റ് റിവിഷൻ വന്ന സാഹചര്യത്തിൽ ഭരണാനുമതി പുതുക്കി നൽകിയാൽ മാത്രമേ സാങ്കേതികാനുമതി നൽകാൻ കഴിയുകയുള്ളൂ. ഭരണാനുമതി പുതുക്കുന്നതിനുള്ള ശിപാർശ ലഭ്യമായിട്ടില്ല.

പുതുക്കാട് ഫയർ സ്റ്റേഷനിലെ ഒഴിവുകൾ

126 (126) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ഫയർ സ്റ്റേഷനിൽ സ്റ്റേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പുതുക്കാട് ഫയർ സ്റ്റേഷൻ നാൽപ്പത് ജീവനക്കാരുള്ള ഒരു ഫുൾ സ്റ്റേഷനായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പുതുക്കാട് നിലയം ഒരു ഫുൾ സ്റ്റേഷനാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തേഞ്ഞിപ്പലത്ത് പുതിയ ഫയർ സ്റ്റേഷൻ

127 (127) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ തേഞ്ഞിപ്പലം കേന്ദ്രീകരിച്ച് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വകുപ്പുതല ശിപാർശയടക്കം സർക്കാരിൽ നിലവിലുള്ള ഫയൽ പുനഃപരിശോധിക്കുമോ;

(ബി) പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സർവ്വകലാശാല, എയർപോർട്ട്, കിൻഫ്ര പാർക്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

(എ&ബി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

തലശ്ശേരി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

128 (128) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; ഭൂമി ഏറ്റെടുക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly